**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2199** **21-06-2024 - ൽ മറുപടിയ്ക്ക്**

**വയോജന ക്ലിനിക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വയോജനങ്ങളുടെ ക്ഷേമവും ചികിത്സയുമായി ബന്ധപ്പെട്ട് ആശുപത്രികളിൽ വയോജന ക്ലിനിക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയുടെ National Programme for Health Care of the Elderly (NPHCE) വഴിയും ആരോഗ്യ വകുപ്പിന് കീഴിലുള്ള വയോജ ആരോഗ്യപദ്ധതി വഴിയും പ്രധാന ആശുപത്രികളിൽ വയോജന ക്ലിനിക്കുകളും, വയോജന സൗഹൃദ വാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആന്റിസ്കിഡ് ടൈലുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, റാമ്പുകൾ, റയിലുകൾ, നോ ക്യൂ സംവിധാനം, വയോജനങ്ങൾക്കായി ഇരിപ്പിടങ്ങൾ, കുടിവെള്ള സംവിധാനം എന്നിവയെല്ലാം അടങ്ങുന്നതാണ് ജെറിയാട്രിക് വാർഡുകൾ. ഒരു ഡോക്ടറുടെ നേതൃത്വത്തിൽ സ്റ്റാഫ് നഴ്സിന്റെയും, ഫിസിയോ തെറാപ്പിസ്റ്റിന്റെയും സേവനം ഉറപ്പാക്കിക്കൊണ്ട് വയോജനങ്ങൾക്ക് മാത്രമായി സജ്ജീകരിച്ചിട്ടുള്ളതാണ് വയോജന ആരോഗ്യ ക്ലിനിക്കുകൾ. ദേശീയ ആരോഗ്യ ദൗത്യം മുഖേന കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെയും, സ്റ്റാഫ് നഴ്സിനെയും, ഫിസിയോതെറാപ്പിസ്റ്റിനെയും ഈ ക്ലിനിക്കുകളിൽ നിയമിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ ഒരു സ്റ്റാഫ് നഴ്സിനെയും, ഫിസിയോ തെറാപ്പിസ്റ്റിനെയും വയോജനാരോഗ്യ ക്ഷേമത്തിനായി പ്രത്യേകം നിയോഗിച്ചിട്ടുണ്ട് .<br><br>കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ വയോജനങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേക ക്ലിനിക്കുകൾ രൂപീകരിച്ചിട്ടുള്ളതും അതുവഴി വയോജനങ്ങൾക്ക് കൃത്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ വയോജന ക്ലിനിക് |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം, കാസർഗോഡ് മെഡിക്കൽ കോളേജുകളിൽ വയോജനങ്ങൾക്ക് പ്രത്യേക ഒ.പി സംവിധാനം ഒരുക്കിയിട്ടുള്ളതാണ്. |
| (ബി) | മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക്, ജനറൽ ആശുപത്രികളിലുമായി ഐ.പി. വിഭാഗത്തിൽ ശരാശരി എത്ര വയോജനങ്ങളെയാണ് പ്രതിമാസം ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഉള്ള കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രതിമാസം അഡ്മിറ്റാകുന്ന ശരാശരി വയോജനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു<br><br>**<u>മെഡിക്കൽ കോളേജ്</u> - <u>പ്രതിമാസ ശരാശരി</u>**<br><br>തിരുവനന്തപുരം -1800<br><br>കോഴിക്കോട് -3000<br><br>തൃശ്ശൂർ -2975<br><br>കണ്ണൂർ -1200<br><br>മഞ്ചേരി -578<br><br>കൊല്ലം -605<br><br>കോന്നി -90<br><br>കോട്ടയം -2800<br><br>എറണാകുളം -571<br><br>ഇടുക്കി -245<br><br>ആലപ്പുഴ -1411<br><br>വയനാട് -200<br><br>ആരോഗ്യ വകുപ്പിന് കീഴിലുള്ള ജെറിയാട്രിക് വാർഡുകളിൽ മാത്രമായി അറുന്നൂറോളം പേർ പ്രതിമാസം അഡ്മിറ്റാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ